# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4081 — 12.12.2018 — ൽ മറുപടിക്ക്

## റേഷൻ സംവിധാനം കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**,, വി.ആർ. സുനിൽ കുമാർ**<br>**ശ്രീമതി സി.കെ .ആശ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) മായം കലരാത്ത റേഷൻ സാധനങ്ങൾ കൃത്യമായ അളവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നിലവിൽ വന്നത് അനുസരിച്ചുള്ള വാതിൽപ്പടി വിതരണത്തിൽ റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയതിന് ശേഷമാണ് പ്രതിമാസ റേഷൻ വിഹിതം വിതരണം ചെയ്യുന്നത്. റേഷൻ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ എസ്.എം.എസ്. അലർട്ടായി നൽകി വരുന്നു. |
| (ബി) കാർഡുടമകൾക്ക് അർഹതപ്പെട്ട റേഷൻ വിഹിതം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നത് തടയുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകളുടെ ഉപയോഗം എന്നിവ മുഖമുദ്രയായുള്ള ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് സമ്പൂർണ്ണമായി നടപ്പിലാക്കിയതോടുകൂടി റേഷൻ വിതരണം കൂടുതൽ സുതാര്യവും കാര്യക്ഷമവും ഫലപ്രദവുമായി തീർന്നു. റേഷൻകാർഡിലെ അംഗങ്ങളുടെ ആധാർ നമ്പർ വഴി അവരുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനു തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നുണ്ട്. ഇപ്പോൾ വിരലടയാളമാണ് പരിശോധിക്കുന്നത്. ഐറിസ് പരിശോധിക്കുന്ന സംവിധാനവും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം തന്നെ epos.kerala.gov.in എന്ന വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും. ഇ-പോസ് മെഷീനുകളെ കുറിച്ച് അവബോധം നൽകുന്നതിനായി വിവിധ മാധ്യമങ്ങളിലൂടെ പരസ്യങ്ങൾ നൽകിയിട്ടുണ്ട്. ഓരോ കാർഡുടമയ്ക്കും അർഹതപ്പെട്ട വിഹിതം സംബന്ധിച്ച് എസ്. എം. എസ്. നൽകുന്നുണ്ട്. |

റേഷൻ വാങ്ങുമ്പോൾ വാങ്ങിയ സാധനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ചും എസ്.എം.എസ്. നൽകുന്നുണ്ട്.

ഇതിനു പുറമേ പൊതുവിതരണ ശൃംഖലയിലെ മറിച്ചു വിൽപ്പന, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ ഫലപ്രദമായി തടയുന്നതിനായി വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966 ലെ കേരള റേഷനിംഗ് ഓർഡർ, 1955 ലെ അവശ്യ സാധന നിയമം എന്നിവയിലെ ചട്ടങ്ങൾ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യും.

(സി) റേഷൻ കാർഡുടമകൾക്ക് ഏത് റേഷൻ കടയിൽ നിന്നും സാധനങ്ങൾ വാങ്ങാവുന്ന തരത്തിലുള്ള സംവിധാനം നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ; ഇതുസംബന്ധിച്ച അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചിട്ടുള്ളതിനാൽ കാർഡുടമകൾക്ക് ആധാർ അടിസ്ഥാനമാക്കിയുള്ള 'പോർട്ടബിലിറ്റി സംവിധാനം' ഉപയോഗിച്ച് ഏത് റേഷൻ കടകളിൽ നിന്നും തങ്ങളുടെ വിഹിതം വാങ്ങാവുന്നതാണ്. ഇത് സംബന്ധിച്ച് വിവിധ പത്ര മാധ്യമങ്ങളിലൂടെയും എസ്.എം.എസ്. മുഖേനയും പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) റേഷൻകടകൾക്ക് റേഷൻ കാർഡിന്റെ എണ്ണത്തേക്കാൾ അധികമുള്ള ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി കൂടുതൽ റേഷൻ വിഹിതം നല്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഉണ്ട്. നിലവിൽ 'പോർട്ടബിലിറ്റി സംവിധാനം' ഏർപ്പെടുത്തിയിട്ടുള്ളതിനാൽ കാർഡുടമകൾക്ക് തങ്ങൾക്ക് ഇഷ്ടമുള്ള ഏത് റേഷൻ കടകളിൽ നിന്നും വിഹിതം വാങ്ങാവുന്നതാണ്. ആയതിനാൽ റേഷൻ കടകളുടെ സ്റ്റോക്കിന്റെ ലഭ്യത പരിശോധിച്ച് അധിക വിഹിതം നൽകുന്നതിന് SCMS (Supply Chain Management System) ആപ്ലിക്കേഷനിൽ എക്സ്ട്രാ അലോട്ട്മെന്റ് എന്ന ഒരു സംവിധാനം താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. എക്സ്ട്രാ അലോട്ട്മെന്റ് നൽകുന്നതിന് അനുസരിച്ച് ഡിപ്പോയിൽ നിന്നും സ്റ്റോക്ക് അനുവദിക്കുകയും ചെയ്യുന്നു.

(ഇ) ഭക്ഷ്യധാന്യങ്ങൾ കൂടാതെ മറ്റെന്തെല്ലാം സാധനങ്ങളാണ് റേഷൻ കടകൾ വഴി നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിൽക്കുന്ന സബ്സിഡി ഇല്ലാത്ത/നോൺ മാവേലി സാധനങ്ങൾ റേഷൻകട വഴി വിൽക്കുന്ന പദ്ധതി 18.05.2018ൽ കണ്ണൂരിൽ വച്ച് ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിരുന്നു. ആയതിന്റെ പുരോഗതി വിലയിരുത്തി സംസ്ഥാന വ്യാപകമായി നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് ആലോചിച്ചു വരുന്നു.

| | | | |
|---|---|---|---|
| (എഫ്) | ഇ-പോസ് യന്ത്രങ്ങളും അവയെ നിയന്ത്രിക്കുന്ന സെർവറും തകരാറിലാകുന്നത് മൂലം റേഷൻ വിതരണം മുടങ്ങുന്നത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (എഫ്) | നേരത്തെ ഐ.ടി. മിഷന്റെ ക്ലൗഡ് സർവറുകളിൽ സൂക്ഷിച്ചിരുന്ന ഡേറ്റാ ബേസ് വകുപ്പ് സ്വന്തമായി വാങ്ങിയ കൂടുതൽ പ്രവർത്തനശേഷിയുള്ള സെർവറുകളിലേക്ക് മാറ്റിയിട്ടുണ്ട്. സാങ്കേതിക കാരണങ്ങളാൽ ഉണ്ടാകുന്ന തടസ്സങ്ങൾ തത്സമയം പരിഹരിക്കപ്പെടുന്നുണ്ട്. നിലവിൽ ഇത്തരം പ്രശ്നങ്ങളൊന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ